## സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ

213 (217) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

സംസ്ഥാനത്ത് സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത കേസുകളുടെ പുരോഗതി വിവരം വ്യക്തമാക്കാമോ ?

ഉത്തരം

സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ 31 എണ്ണം കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസുകൾ വിവിധ കേടതികളിൽ വിചാരണയിലാണ്.

## ജനമൈത്രി പോലീസ് പദ്ധതി

214 (218) ശ്രീ. പാലോട് രവി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ജനമൈത്രി സുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളോട് സൗഹാർദ്ദപരമായി ഇടപെടുന്നതിനും നാട്ടിൽ സമാധാനം നിലനിർത്തുന്നതിനുമായി ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ബീറ്റ് ഓഫീസർമാർക്ക് പദ്ധതിയുടെ അടിസ്ഥാനപാഠങ്ങൾ നൽകുന്നതിനായി ബേസിക് ട്രെയിനിംഗ് പ്രോഗ്രാമുകളും തുടർ പരിശീലന പരിപാടികളും നടത്തുന്നുണ്ട്. ഇതിനുപുറമെ വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി കൃത്യമായ ഇടവേളകളിൽ സി.ആർ.ഒ. മാർക്കും മറ്റ് ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർക്കുംവേണ്ടി സംസ്ഥാന, ജില്ലാതലങ്ങളിൽ സെമിനാറുകളും ശില്പശാലകളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) Influence of Janamaithri Suraksha Project on the Communities എന്ന വിഷയത്തിൽ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കൊച്ചിയും, An evaluation of the Community Policing programme in Kerala എന്ന വിഷയത്തിൽ റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് എന്ന സ്ഥാപനവും പഠനം നടത്തിയിട്ടുണ്ട്. പഠന റിപ്പോർട്ടുകൾ www.keralapolice.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിവരുന്നു.

**കവർച്ച കേസുകളുടെ വിവരം**

215 (219) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കവർച്ചകളും ഭവനഭേദനങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിൽ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ ഇനിയും പ്രതികളെ പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര കേസ്സുകളിൽ മോഷണ മുതലുകൾ ഇനിയും കണ്ടെത്താനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ കാലയളവിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള മോഷ്ടാക്കളും മോഷണസംഘങ്ങളും സംസ്ഥാനത്ത് എത്ര മോഷണങ്ങളും കവർച്ചകളും നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ എത്ര കേസ്സുകളിൽ മോഷ്ടാക്കളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കവർച്ച കേസുകൾ - 3346

ഭവനഭേദനം - 11538

ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 6116 കേസുകളിൽ.

(സി) 6555 കേസുകളിൽ.

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്നുള്ള മോഷ്ടാക്കളും മോഷണ സംഘങ്ങളും സംസ്ഥാനത്ത് 712 മോഷണവും 95 കവർച്ചകളും നടത്തിയിട്ടുണ്ട്. ഇതിൽ 56 കേസുകളിൽ മോഷ്ടാക്കളെ പിടികൂടാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly